(ബി) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനകം എത്ര കർഷകർ ഇതിൽ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ?

ഉണ്ട്. ക്ഷേമനിധി പദ്ധതിപ്രകാരം അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

(സി) കാർഷിക കർമ്മസേനയുടെ പ്രവർത്തനം ഏതൊക്കെ മേഖലയിലാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും അത് വിജയപ്രദമാണോയെന്നുമുള്ള വിശദാംശം നൽകുമോ?

നടീൽ വസ്തുക്കളുടെ ഉത്പാദനം, വിത്തുല്പാദനം, ഗ്രോബാഗ് തയ്യാറാക്കൽ, കാർഷിക വിളകളുടെ പരിപാലനം, കാർഷിക പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവർത്തനങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, നൂതന കൃഷിമുറകൾ നടപ്പാക്കൽ (കണിക ജലസേചനം/മഴമറ/പോളിഹൗസ് നിർമ്മാണം) തുടങ്ങി വിവിധ മേഖലകളിൽ കാർഷിക കർമ്മസേനയുടെ പ്രവർത്തനം ലഭ്യമാണ്. മിക്കവാറും എല്ലാ കാർഷിക കർമ്മ സേനകളും വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേന്ദ്രസർക്കാർ പാസ്സാക്കിയ കാർഷിക നിയമങ്ങൾ**

2 (1489) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസ്സാക്കിയ മൂന്ന് കാർഷിക നിയമങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ കർഷകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്രനിയമങ്ങളിൽ ഉൾക്കൊള്ളുന്ന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമായിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയുംമൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവിലപോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ശക്തിക്കുമുന്നിൽ വളരെ ദുർബ്ബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടു നൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്വത്തിൽനിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞുപോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും. അവശ്യ സാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും.

(സി) സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനപ്രദമായ വ്യവസ്ഥകൾ എന്തെങ്കിലും ആ നിയമങ്ങളിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കർഷകരുടെ താൽപ്പര്യങ്ങളെ എല്ലാ വിധത്തിലും പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളാണ് പുതിയ കേന്ദ്ര നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പുതിയ കർഷക നിയമവുമായി ബന്ധപ്പെട്ട് കൂടുതൽ വിഷയങ്ങളിൽ പഠനം നടത്തി വരുന്നു.

**ഡാറ്റാ ബാങ്ക്**

3 (1490) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് പൂർണ്ണമാക്കി വിജ്ഞാപനം ചെയ്യുമെന്ന വാഗ്ദാനം ഇനിയും നടപ്പിലാക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 328 കൃഷി ഭവനുകളിൽ മാത്രമാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിരുന്നത്. 733 കൃഷി ഭവനുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കാൻ ബാക്കി ഉണ്ടായിരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കുന്നതിനും ഉപഗ്രഹ സാങ്കേതിക സംവിധാനം ഉപയോഗിച്ച് ഡാറ്റാ ബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. 18-1-2017-ൽ ബഹു. റവന്യൂ, കൃഷി എന്നീ വകുപ്പുമന്ത്രിമാരുടെ

LIBRARY ARCHIVES Kerala Legislative Assembly